REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 25-07-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ന്യൂഡൽഹിയിൽ സമരം ചെയ്യുന്ന CJP പ്രതിനിധികളുമായി കേന്ദ്രമന്ത്രി ജെ.പി. നദ്ദ ഉച്ചകഴിഞ്ഞ് ചർച്ച നടത്തും.**
- **വിഴിഞ്ഞം തുറമുഖത്ത് കരമാർഗം ചരക്കുനീക്കത്തിന് കസ്റ്റംസിന്റെ അന്തിമാനുമതി.**
- **ശബരിമല സ്വർണ്ണകൊള്ള കേസിൽ കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടണമെന്ന് മന്ത്രി K മുരളീധരൻ.**
- **വഖഫ് ബോർഡ് വിഷയത്തിൽ കേന്ദ്രത്തെ പിന്തുണക്കുന്ന സമീപനമാണ് UDF ഗവൺമെന്റിന്റേതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ.**
- **ഇന്ത്യ-സിംബാബ്‌വെ മൂന്നു മത്സര ട്വന്റി-20 പുരുഷ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.**

## വാർത്തകൾ വിശദമായി

ന്യൂഡൽഹിയിൽ സമരം ചെയ്യുന്ന CJP പ്രതിനിധികളുമായി കേന്ദ്രമന്ത്രി ജെ.പി. നദ്ദ ഉച്ചകഴിഞ്ഞ് ചർച്ച നടത്തും. ഇന്നലെ നടത്തിയ ചർച്ചയിൽ CJP മൂന്ന് പ്രധാന ആവശ്യങ്ങൾ ഉന്നയിച്ചതായും, പരീക്ഷാ ചോദ്യപേപ്പർ ചോർച്ച തടയാൻ ചില പരിഷ്കാരങ്ങൾ നിർദ്ദേശിച്ചതായും ജെ.പി. നദ്ദ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ന്യൂഡൽഹി ജന്തർമന്തറിലെ പ്രതിഷേധത്തെ തുടർന്ന് മുപ്പതിനായിരം സൈനികർ രാജിവെച്ചതായി സംയുക്ത സേനാമേധാവി NS രാജസുബ്രഹ്മണി പറഞ്ഞതായി സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്നത് വ്യാജമാണെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചു. വീഡിയോ AI നിർമ്മിതമാണെന്ന് PIB-യുടെ

വസ്തുതാ പരിശോധനാ വിഭാഗം വ്യക്തമാക്കി. പൊതുജനങ്ങൾ വ്യാജ വാർത്തകൾ വിശ്വസിക്കരുതെന്നും വിശ്വസനീയ വാർത്തകൾക്ക് ഔദ്യോഗിക ഉറവിടങ്ങളെ മാത്രം ആശ്രയിക്കണമെന്നും പി ഐ ബി നിർദേശിച്ചു.

✪✪✪

കേന്ദ്രമന്ത്രി പിയൂഷ് ഗോയലിന്റെ പരാമർശങ്ങൾ AI ഉപയോഗിച്ച് തിരുത്തി വ്യാജ വീഡിയോ പ്രചരിപ്പിച്ച സംഭവത്തിൽ മന്ത്രി പൊലീസിൽ പരാതി നൽകി. വ്യാജ പ്രചാരണം നടത്തുവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

27-ാമത് കാർഗിൽ വിജയ് ദിവസ് അനുസ്മരണ പരിപാടികൾക്ക് ലഡാക്കിലെ കാർഗിൽ ജില്ലയിലെ ദ്രാസിൽ തുടക്കമായി. നാളത്തെ പ്രധാന ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് മുഖ്യാതിഥിയായി പങ്കെടുക്കും. വീരമൃത്യു വരിച്ച സൈനികരുടെ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ച് ധീര യോദ്ധാക്കൾക്ക് അദ്ദേഹം ആദരാഞ്ജലി അർപ്പിക്കും. വീരനാരിമാരുമായും വീരമാതാക്കളുമായും സംവദിക്കുന്ന കേന്ദ്രമന്ത്രി 'വെർച്വൽ വാക്ക്-ത്രൂ പോർട്ടൽ' ഉദ്ഘാടനം ചെയ്യും.

✪✪✪

സ്പേസ് എക്സിന്റെ കൂറ്റൻ സ്റ്റാർഷിപ്പ് റോക്കറ്റ്, 20 അത്യാധുനിക സ്റ്റാർലിങ്ക് ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിലെത്തിച്ച് പരീക്ഷണപ്പറക്കൽ വിജയകരമായി പൂർത്തിയാക്കി. എൻജിൻ തകരാറുകൾ മൂലം നേരത്തെ വിക്ഷേപണം തടസ്സപ്പെട്ടതിനെത്തുടർന്ന്, ഇന്നലെ ടെക്സാസിൽ നിന്നാണ് 124 മീറ്റർ ഉയരം വരുന്ന റോക്കറ്റ് വിക്ഷേപിച്ചത്. പുതിയ സ്റ്റാർലിങ്ക് ഉപഗ്രഹങ്ങൾ ലേസർ ലിങ്കുകൾ ഉപയോഗിച്ച് നിലവിലെ ഉപഗ്രഹങ്ങളുമായി വിജയകരമായി ബന്ധിപ്പിച്ചു. ഭാവിയിലെ ആർട്ടെമിസ് ചാന്ദ്ര ദൗത്യങ്ങളിൽ ലൂണാർ ലാൻഡറായി ഈ പേടകം ഉപയോഗിക്കാൻ നാസ പദ്ധതിയിടുന്നതിനാൽ, സ്റ്റാർഷിപ്പിന്റെ പുരോഗതി സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണ്.

✪✪✪

സമ്പൂർണ അന്താരാഷ്ട്ര വാണിജ്യ തുറമുഖമായി മാറുന്നതിന് മുന്നോടിയായി വിഴിഞ്ഞത്ത് കരമാർഗം ചരക്കുനീക്കത്തിന് കസ്റ്റംസിന്റെ അന്തിമാനുമതി ലഭിച്ചു. ഇത് സംബന്ധിച്ച ഉത്തരവ് കസ്റ്റംസ് പുറത്തിറക്കി.

തിരുവനന്തപുരത്ത് നിന്ന് രെജു കൊലിയാക്കോട്..

.......വോയ്സ്.........

വിഴിഞ്ഞം ഇതുവരെ ട്രാൻസ് ഷിപ്പ്മെൻ്റ് തുറമുഖം മാത്രമായിരുന്നെങ്കിൽ ഇനി കരവഴിയും ചരക്കുനീക്കം സാധ്യമാകുന്ന തുറമുഖമാകും. അടുത്ത മാസം പതിനെട്ട് മുതലാണ് വിഴിഞ്ഞത്ത് റോഡുവഴി ചരക്കുനീക്കം തുടങ്ങുക.

ദേശീയപാത വഴി കണ്ടെയ്നറുകൾ കൊണ്ടുപോകുന്നതിന് ദേശീയപാത അതോറിറ്റിയും നേരത്തെ അനുമതി നൽകിയിരുന്നു. അതിൻ്റെ ട്രയൽ റണ്ണും നടത്തിയിരുന്നു. അടുത്ത മാസം പതിനെട്ടിന് ആദ്യ കയറ്റുമതി കണ്ടെയ്നർ മുഖ്യമന്ത്രി വി.ഡി.സതീശൻ ഫ്ലാഗ് ഓഫ് ചെയ്യും.സമ്പൂർണ കയറ്റുമതി ഇറക്കുമതി പ്രവർത്തനങ്ങൾക്ക് ഇതോടെ തുടക്കമാകും.നിലവിൽ വിഴിഞ്ഞത്ത് ഇറക്കുന്ന കണ്ടെയ്നറുകൾ കപ്പലുകളിൽ നിന്ന് കപ്പലുകളിലേക്ക് മാറ്റി മറ്റ് തുറമുഖങ്ങളിൽ എത്തിച്ചാണ് ചരക്കുനീക്കം നടക്കുന്നത്. ഇനി വിഴിഞ്ഞത്തു നിന്ന് നേരിട്ട് കര മാർഗം ചരക്കുകൾ കൊണ്ടുപോകാം.

ഷിപ്പിങ് കമ്പനികൾക്കും ഏജൻ്റുമാർക്കും ടെർമിനൽ ഓപ്പറേറ്റർമാർക്കും രജിസ്റ്റർ ചെയ്യാം. തുറമുഖത്ത് ഇറക്കുന്ന ചരക്കുകൾ 48 മണിക്കൂറിനുള്ളിൽ നീക്കണമെന്നാണ് കസ്റ്റംസ് നിർദേശം. രാജ്യാന്തര ചരക്കുകവാടമായി വിഴിഞ്ഞം മാറുമ്പോൾ ഗതാഗതച്ചെലവ് കുറയുമെന്നും വിതരണശൃംഖല കൂടുതൽ ശക്തമാകുമെന്നുമാണ് പ്രതീക്ഷ. അടുത്ത മാസം 18 ന് മിഷൻ സമുദ്ര ബിസിനസ് സമ്മിറ്റും സംഘടിപ്പിക്കുന്നുണ്ട്. ആഗോള ഷിപ്പിങ് കമ്പനികളും നിക്ഷേപകരും ഉൾപ്പടെ യുള്ളവർ സമ്മിറ്റിൽ പങ്കെടുക്കും.

പ്രവർത്തനം തുടങ്ങിയിട്ട് 18 മാസത്തിനുള്ളിൽ 20 ലക്ഷം ടി.ഇ.യു കണ്ടൈനർ കൈകാര്യം ചെയ്തതിലൂടെ ലോകോത്തര മരീടൈം ഹബ്ബെന്ന നേട്ടം വിഴിഞ്ഞംതുറമുഖം ഇതിനോടകം കൈവരിച്ചിട്ടുണ്ട്.

✪✪✪

ശബരിമല സ്വർണ്ണകൊള്ള കേസിൽ കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടണമെന്നാണ് ഗവണ്മെൻ്റ് നിലപാടെന്ന് മന്ത്രി കെ മുരളീധരൻ പറഞ്ഞു. പ്രത്യേക അന്വേഷണ സംഘം കോടതിയിൽ നൽകിയ റിപ്പോർട്ടുകൾ നിരീക്ഷിച്ചു വരികയാണെന്നും അന്തിമ കുറ്റപത്രം സമർപ്പിക്കുമ്പോൾ കോടതിയിൽ ഗവണ്മെൻ്റ് കൃത്യമായ നിലപാട് അറിയിക്കുമെന്നും അദ്ദേഹം കോട്ടയത്ത് പറഞ്ഞു.

✪✪✪

വഖഫ് ബോർഡ് വിഷയത്തിൽ ഹൈക്കോടതിയിൽ നിയമഭേദഗതിയെ അംഗീകരിക്കുക വഴി കേന്ദ്ര ഗവൺമെൻ്റ് നിലപാടിനെ പിന്തുണക്കുന്ന സമീപനമാണ് സംസ്ഥാന ഗവൺമെൻ്റിൻ്റേതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആരോപിച്ചു.

അമുസ്ലിങ്ങളെ വഖഫ് ബോർഡിൽ നിയമിക്കണ്ട എന്ന് LDF ഗവൺമെന്റ് തീരുമാനിച്ചതാണെന്നും അതിന് UDF ഉം അനുകൂലമായിരുന്നുവെന്നും പിണറായി വിജയൻ തിരുവനന്തപുരത്ത് പറഞ്ഞു.

എല്ലാ മതവിഭാഗങ്ങൾക്കും ഭരണഘടന ഉറപ്പു നൽകുന്ന വിശ്വാസ സ്വാതന്ത്ര്യമാണ് LDF ഉയർത്തിപ്പിടിച്ചതെന്നും പിണറായി വിജയൻ വ്യക്തമാക്കി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത് നാളെ. രാവിലെ 11 ന് ആകാശവാണിയിലും ദൂരദർശനിലും പരിപാടി കേൾക്കാം. പരിപാടിയുടെ 136-ാം പതിപ്പാണിത്.

✪✪✪

കോറോ ഹെൽത് കമ്പനിയിലെ കൊച്ചി, കോഴിക്കോട് ഓഫീസുകളിൽ നിന്ന് പിരിച്ചുവിട്ട ജീവനക്കാർക്ക് കമ്പനി അഞ്ചുമാസത്തെ ശമ്പളം നൽകി. കഴിഞ്ഞ 20ന് മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് നടത്തിയ ചർച്ചയിൽ അഞ്ച് മാസത്തെ തുക നൽകാൻ ധാരണയായിരുന്നു. അഞ്ച് മാസത്തെ ശമ്പളം ഉൾപ്പടെ ഏഴ് മാസത്തെ തുകയാണ് ഒത്തുതീർപ്പിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ട ജീവനക്കാർക്ക് ലഭിച്ചത്.

എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്, റിലീവിംഗ് ലെറ്റർ ഉൾപ്പെടെ മറ്റ് രേഖകൾ ഉടൻ കൈമാറും.

✪✪✪

പാലക്കാട് നഗരത്തിലെ പ്രധാനസ്ഥലങ്ങളെ ബന്ധിപ്പിച്ച് KSRTC സിറ്റി ബസ് സർവീസിന് തുടക്കമായി. രമേഷ് പിഷാരടി എം.എൽ.എ യുടെ 111 ദിന കർമ്മ പരിപാടിയുടെ ഭാഗമായാണ് സിറ്റി ബസ് സർവീസ് ആരംഭിച്ചത്.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്...

...........വോയ്സ്........

പ്രിയദർശിനി സർവീസിൽ ഉൾപ്പെടുത്തി വനിതകൾക്ക് സൗജന്യ യാത്ര ഉറപ്പാക്കിയാണ് സിറ്റി ബസ് സർവീസ് ആരംഭിച്ചിരിക്കുന്നത്. പാലക്കാട് മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ച് സർവീസ് നടത്തുന്ന ബസ് രോഗികൾക്കും ഏറെ ആശ്വാസകരമാണ്. നഗരത്തിലെ എല്ലാ ബസ് സ്റ്റാന്റുകളിലും , സിവിൽസ്റ്റേഷൻ , ജില്ലാ ആശുപത്രി , രാജീവ് ഗാന്ധി സഹകരണ ആശുപത്രി ബിഗ്ബസാർ സ്കൂൾ എന്നിവിടങ്ങളിലെല്ലാം സിറ്റി ബസ് സർവീസ് നടത്തും. പരീക്ഷണാടിസ്ഥാനത്തിൽ ഓടിത്തുടങ്ങിയ സിറ്റി ബസ്സിന്റെ സ്ഥിരം റൂട്ടും

സമയക്രമവും വരും ദിവസങ്ങളിൽ നിശ്ചയിക്കും. പദ്ധതി വിജയകരമായാൽ കൂടുതൽ സിറ്റി സർവീസുകൾ ആരംഭിക്കുമെന്ന് രമേഷ് പിഷാരടി എം.എൽ.എ പറഞ്ഞു.

✪✪✪

കോഴിക്കോട് സൗത്ത് നിയോജകമണ്ഡലം മുൻ MLA യും മുസ്ലിംലീഗ് സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവുമായിരുന്ന TPM സാഹിർ അന്തരിച്ചു. 83 വയസ്സായിരുന്നു.

മുസ്ലിംലീഗ് സംസ്ഥാന ഉപാധ്യക്ഷനായും ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. MES എൻജിനിയറിംഗ് കോളെജ് ഡയറക്ടർ, കുസാറ്റ് സിണ്ടികേറ്റംഗം, MSS സംസ്ഥാന വൈസ് പ്രസിഡന്റ് തുടങ്ങി സാമൂഹ്യ, സാംസ്കാരിക രംഗങ്ങളിലെ സജീവ സാന്നിധ്യമായിരുന്നു. 2001ലാണ് MLAയായി സൗത്ത് നിയോജകമണ്ഡലത്തിൽ നിന്ന് വിജയിച്ചത്.

ഖബറടക്കം വൈകീട്ട് തോപ്പയിൽ ഖബർ സ്ഥാനിലാണ്.

✪✪✪

ഇന്ത്യ-സിംബാബ്‌വെ മൂന്നു മത്സര ട്വന്റി-20 പുരുഷ ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. സിംബാബ്‌വെയിൽ ഇന്ത്യൻ സമയം വൈകിട്ട് നാലരയ്ക്കാണ് മത്സരം.

ആദ്യ മത്സരത്തിൽ ഏഴ് വിക്കറ്റിന്റെ ആധികാരിക വിജയം സ്വന്തമാക്കിയ ഇന്ത്യ പരമ്പരയിൽ 1-0 ന് മുന്നിലാണ്

✪✪✪

ഡ്യുറന്റ് കപ്പ് ഫുട്ബോൾ ടൂർണമെന്റിന് ഇന്ന് കൊൽക്കത്തെയിൽ തുടക്കമാകും. ആദ്യ മത്സരത്തിൽ മോഹൻ ബഗാൻ സൂപ്പർ ജയന്റ്സ്, ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകിട്ട് അഞ്ചിന് വിവേകാനന്ദ യുവഭാരതി സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ഗ്ലാസ്ഗോയിൽ കോമൺവെൽത്ത് ഗെയിംസിൽ, പുരുഷന്മാരുടെ ഹെവിവെയ്റ്റ് പാരാ പവർലിഫ്റ്റിംഗ് ഫൈനലിൽ ഇന്ത്യയുടെ ജണ്ടു കുമാറിന് വെങ്കലം. ഇത്തവണ ഗെയിംസിൽ ഇന്ത്യ നേടുന്ന ആദ്യ മെഡലാണിത്.

✪✪✪

ഗ്ലാസ്ഗോയിൽ കോമൺവെൽത്ത് ഗെയിംസിൽ ഇന്ത്യയുടെ മെഡൽ നേട്ടത്തിന് തുടക്കമിട്ട പാരാ-അത്‌ലീറ്റ് ജണ്ടു കുമാറിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. പുരുഷന്മാരുടെ ഹെവിവെയ്റ്റ് പാരാ പവർലിഫ്റ്റിംഗ് ഇനത്തിലാണ് ജണ്ടു കുമാർ വെങ്കലം നേടിയത്.

✪✪✪

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കണ്ണൂർ ജില്ലാ തല ഖാദി ഓണം മേള മന്ത്രി സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. ഖാദി ഗ്രാമ സൗഭാഗ്യയിൽ സംഘടിപ്പിച്ച ചടങ്ങിൽ ടി ഒ മോഹനൻ എം എൽ എ അദ്ധ്യക്ഷനായിരുന്നു.

പുതിയ ഉൽപ്പന്നങ്ങൾ മേയർ പി. ഇന്ദിര പുറത്തിറക്കി. ഖാദിക്ക് 30% വരെ ഗവ: റിബേറ്റും, ഗവൺമെന്റ് അർദ്ധ ഗവൺമെന്റ്, ബാങ്ക് ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യവും നൽകുന്നുണ്ട്. അടുത്തമാസം 25 വരെയാണ് മേള.

✪✪✪

കാസർഗോഡ് EVM കോഴ ആരോപണത്തിൽ കോൺഗ്രസ് നേതാവിനെതിരായ പരാതി KPCC-ക്ക് ലഭിച്ചിട്ടില്ലെന്ന് മന്ത്രിസണ്ണി ജോസഫ് പറഞ്ഞു. പരാതി ലഭിച്ചാൽ ഉചിതമായ നടപടി സ്വീകരിക്കും.

✪✪✪

വയനാട്ടിലെ കള്ളാടി മണ്ണിടിച്ചിൽമേഖല പ്രിയങ്ക ഗാന്ധി എം പി ഉച്ചക്ക് സന്ദർശിക്കും. അപകടത്തിൽ പരിക്കേറ്റ് മേപ്പാടി വിംസ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരെയും പ്രിയങ്ക കാണും. രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയ സേനാവിഭാഗങ്ങൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, മാധ്യമപ്രവർത്തകർ എന്നിവരെ വൈകിട്ട് ആദരിക്കുന്ന ചടങ്ങിലും പ്രിയങ്ക ഗാന്ധി പങ്കെടുക്കും.

✪✪✪

ഇന്ന് അന്താരാഷ്ട്ര മുങ്ങിമരണ പ്രതിരോധ ദിനം. മുങ്ങിമരണങ്ങൾ തടയാവുന്നതാണെന്ന അവബോധം വളർത്താനും, ജീവൻ രക്ഷാമാർഗ്ഗങ്ങൾ പരിചയപ്പെടുത്താനും 2021-ൽ ഐക്യരാഷ്ട്രസഭയാണ് ജൂലൈ 25 അന്താരാഷ്ട്ര മുങ്ങിമരണ പ്രതിരോധ ദിനം പ്രഖ്യാപിച്ചത്. 'മാറ്റത്തിനായി ഒന്നിക്കാം' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 440 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 6,280 രൂപയായി. 13,285 രൂപയാണ് ഗ്രാമിന്.

✪✪✪

സിക്കിമിൽ ജലവൈദ്യുതപദ്ധതി തുരങ്കം തകർന്ന് മരിച്ച ജിയോളജിസ്റ്റ് പാമ്പാടി പത്താഴക്കുഴി സ്വദേശി അനീഷ് മോഹന്റെ മൃതദേഹം വീട്ടിലെത്തിച്ചു. സംസ്കാരം ഉച്ചയ്ക്ക് രണ്ടിന് നടത്തും.

✪✪✪

സംസ്ഥാനത്ത് കായിക അടിസ്ഥാനസൗകര്യങ്ങളുടെ സമഗ്ര വികസനത്തിനും കായിക ആസ്തികളുടെ പുനരുജ്ജീവനത്തിനും 'ഓപ്പറേഷൻ കളരി' പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി ഒ. ജെ. ജനീഷ് അറിയിച്ചു. സംസ്ഥാനത്തുടനീളം സ്റ്റേഡിയങ്ങൾ, നീന്തൽക്കുളങ്ങൾ, സ്പോർട്സ് ഹോസ്റ്റലുകൾ, ജിംനേഷ്യങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനസൗകര്യ വികസനം, അറ്റകുറ്റപ്പണി, നവീകരണം, ഉപകരണവൽക്കരണം, പരിപാലനം എന്നിവ ഉറപ്പാക്കുകയാണ് പദ്ധതി ലക്ഷ്യം.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*News Team: ഫർദിസ് എവി, നിമിഷ ജി, രജിന കെ*
*DEO : സി കെ സുബോധ്*